പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4643 — 20-10-2011 -ൽ മറുപടിക്ക്.

## മദ്യപാനംമൂലമുള്ള രോഗങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ ചികിത്സാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>" പി. സി. ജോർജ്<br>" തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |

(എ) വിദ്യാർത്ഥികളിലും യുവജനങ്ങളിലും വ്ലിയ തോ തിൽ മദ്യപാനവും പുകയില ഉല്പന്നങ്ങളുടെ ഉപയോഗവും വർദ്ധിച്ചു വരുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(എ) വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. യുവജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, പ്രധാന കവലകളിലും, കമ്മ്യൂണിറ്റി സെന്ററുകളിലും, മാർക്കറ്റുകളിലും, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, സി.ഡി. പ്രദർശനങ്ങൾ, സ്ലൈഡ് ഷോ, മാജിക് ഷോ എന്നിവ നടത്തി വരുന്നു.

(ബി) മദ്യ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി, മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണം, ജനപ്രതിനിധികളുടെയും, സർക്കാർ - സർക്കാരിതര സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ്ങ് പ്രദർശിപ്പിക്കും. ഓരോ അസംബ്ലി നിയോജക മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് സ്ക്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) വലിയ തോതിലുള്ള ആരോഗ്യ പ്രശ്നങ്ങൾ മദ്യപാനം മൂലമായതിനാൽ ഇതുവഴി രോഗികളായ പാവപ്പെട്ടവരെ സഹായിക്കുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി, കളമശ്ശേരി സഹകരണ മെഡിക്കൽ കോളേജിൽ ഒരു ലഹരി മോചന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ